(ഡി)

1. ശ്രീമതി റ്റി. ആർ ഇന്ദിര ചീഫ് എൻജിനീയർ ഒ.ഇ.സി.എഫ് പ്രോജക്ട്സ്, കേരള വാട്ടർ അതോറിറ്റി (ഇപ്പോൾ ചീഫ് എഞ്ചിനീയർ, മദ്ധ്യമേഖല)
2. ശ്രീ. സി. എൻ പ്രസന്നകുമാർ-ചീഫ് എൻജിനീയർ സതേൺ റീജിയൻ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീ. എം. ഗണേശൻ അക്കൗണ്ട്സ് മെമ്പർ, കേരള വാട്ടർ അതോറിറ്റി.
4. ശ്രീ. കെ. ലോകേശൻനായർ-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി. ആന്റ് എം യൂണിറ്റ് കേരള വാട്ടർ അതോറിറ്റി. (ഇപ്പോൾ ചീഫ് എഞ്ചിനീയർ, പി.എസ് ജി.എൽ)

(ഇ) ശ്രീ. സി. എൻ. പ്രസന്നകുമാറിന്റെ പേരിൽ വിജിലൻസ് കേസ് നിലവിലുണ്ട്.

(എഫ്) ടെക്നിക്കൽ ബിഡ് ഇവാല്യൂവേഷനിൽ ഒന്നാം റാങ്ക് കിട്ടിയ പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ, ജപ്പാൻ എന്ന കമ്പനിയുടെ ഫൈനാൻഷ്യൽ ബിഡ് പരിശോധിച്ച് വരുന്നതേയുള്ളു.

(ജി) കൺസൾട്ടൻസിയുടെ കരാർ ഇതുവരെയും ഉറപ്പിച്ചിട്ടില്ല.

തിരുവനന്തപുരം നഗരത്തിലെ പൈപ്പുലൈൻ പൊട്ടുന്ന സംഭവം

117 (858) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണത്തിനായി അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് കൂടെ കൂടെ പൊട്ടുന്നതു മൂലം നഗരത്തിലെ ജലവിതരണം മുടങ്ങി നഗരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് ഉത്തരവാദിത്വം ആർക്കെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അരുവിക്കരയിൽ നിന്നും തിരുവനന്തപുരം നഗരത്തിലേയ്ക്ക് വെള്ളം എത്തിക്കുന്ന പൈപ്പിൽ ചിലപ്പോൾ പൊട്ടലോ ചോർച്ചയോമൂലം ജലവിതരണം തടസ്സപ്പെട്ട് നഗരവാസികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കരയിൽ നിന്നും നഗരത്തിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് ഇപ്പോൾ 3 പൈപ്പു ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ഏതെങ്കിലും ഒരു ലൈനിൽ തകരാറുണ്ടായാൽ മറ്റു രണ്ടു ലൈനുകളിൽ കൂടി ശുദ്ധജലം എത്തിക്കുന്നതിനാൽ ഭാഗികമായി മാത്രമേ ജലവിതരണം തടസ്സപ്പെടാറുള്ളു. ഇത്തരത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വേണ്ടി സിറ്റി കോർപ്പറേഷൻ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതോടൊപ്പം വാട്ടർ അതോറിറ്റി വക ടാങ്കർ ലോറികളിലും ജലവിതരണം നടത്തി നഗരവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാറുണ്ട്.

(ബി) തിരുവനന്തപുരത്ത് കുമ്മി, കൂട്ടപ്പാറ എന്നിവിടങ്ങളിലുണ്ടായ പൈപ്പു പൊട്ടലിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കുമ്മിയിൽ ഉണ്ടായ പൈപ്പു പൊട്ടലിനെക്കുറിച്ച് ദൈവമണി കമ്മീഷനാണ് അന്വേഷണം നടത്തിയത്. പുതിയതായി സ്ഥാപിച്ച പൈപ്പു ലൈനിലാണ് പൊട്ടലുണ്ടായത്. ഇത് പൈപ്പു ലൈൻ സ്ഥാപിച്ചതിലുണ്ടായ അപാകതയാണ് എന്നു കണ്ടെത്തി അതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

കൂട്ടപ്പാറയിലുണ്ടായ പൈപ്പു പൊട്ടൽ പൈപ്പുലൈനുകളുടെ പരിപാലനത്തിനുള്ള പോരായ്മയാണെന്നു കണ്ടെത്തി അതിനു പരിഹാരമായി ഒരു സ്പെഷ്യൽ സർവിലിയൻസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചു.

(ഡി) ഉണ്ട്. കുമ്മിയിലുണ്ടായ പൈപ്പു പൊട്ടലിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരെ കണ്ടെത്തി ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന 4 ഉദ്യോഗസ്ഥൻമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു.

1. ശ്രീ. എ. ജാജു ജേക്കബ് - എക്സി.എഞ്ചിനീയർ
2. ശ്രീ. എൻ. വി. ലിങ്കൻ - അസി. എക്സി.എഞ്ചിനീയർ
3. ശ്രീ. എൻ. രാധാകൃഷ്ണൻ - അസി. എഞ്ചിനീയർ
4. ശ്രീ. രഘുനാഥൻ നായർ - ഓവർസിയർ ഗ്രേഡ്-3

പുതുപ്പള്ളി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

118 (870) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ശുദ്ധജലവിതരണ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) ഈ സ്കീമിന്റെ എത്ര മാത്രം പണി ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കീമിന്റെ സുഗമമായ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly